**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6130 02.04.2018-ലെ മറുപടിയ്ക്ക്

**മാസ്റ്റേഴ്സ് അത് ലറ്റിക്സ് മീറ്റിൽ മികച്ച നേട്ടം കൈവരിക്കുന്നവർക്ക് ആനുകൂല്യങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സിവിൽ സർവീസ് ടൂർണമെന്റിൽ നേട്ടം കൈവരിക്കുന്ന ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നല്കി വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സിവിൽ സർവ്വീസസ് ടൂർണമെന്റിൽ 1,2,3 സ്ഥാനങ്ങളിൽ നേട്ടം കൈവരിക്കുന്ന ജീവനക്കാർക്ക് യഥാക്രമം 5000, 3000, 1500 രൂപ ക്യാഷ് അവാർഡ് നൽകി വരുന്നു. കൂടാതെ സിവിൽ സർവ്വീസസ് ടൂർണമെന്റിൽ പങ്കെടുക്കുന്ന ജീവനക്കാർക്ക് കിറ്റ് അലവൻസായി 750/-രൂപയും ഡയറ്റ് അലവൻസായി ദിവസേന 250/-രൂപ വീതവും അനുവദിക്കുന്നുണ്ട്. |
| (ബി) | സ്പോർട്സ് ക്വാട്ടയിലല്ലാതെ, സർവ്വീസിൽ വന്നശേഷം സ്പോർട്സ് രംഗത്ത് നേട്ടം കൈവരിക്കുന്ന ജീവനക്കാർക്ക് ആനുകൂല്യങ്ങളെന്തെങ്കിലും നല്കിവരുന്നുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ നല്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | ദേശീയ ഗെയിംസിൽ മെഡൽ നേടിയ സർക്കാർ ജീവനക്കാർക്ക് സ്വർണ്ണം, വെള്ളി, വെങ്കലം എന്നിവയ്ക്ക് മൂന്ന്, രണ്ട് ഒന്ന് എന്ന നിരക്കിൽ അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചിട്ടുണ്ട്. മറ്റ് ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ വിജയം നേടുന്ന ജീവനക്കാർക്ക് അവരുടെ നേട്ടങ്ങൾക്ക് അനുസൃതമായ നിരക്കിൽ അർഹമായ അഡ്വാൻസ് ഇൻക്രിമെന്റ് നൽകി വരുന്നു. |
| (സി) | മാസ്റ്റേഴ്സ് അത് ലറ്റിക്സ് മീറ്റിൽ സംസ്ഥാന ദേശീയ മത്സരങ്ങളിൽ മികച്ച നേട്ടം കൈവരിച്ച് അന്തർദേശീയ തലത്തിൽ യോഗ്യത നേടുകയും ചെയ്യുന്നവർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നല്കാറുണ്ടോ; ഇല്ലെങ്കിൽ നല്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് | (സി) & (ഡി) | മാസ്റ്റേഴ്സ് അത്ലറ്റിക്സ് മത്സരങ്ങളിൽ പങ്കെടുക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; | | |
| (ഡി) | സ്വന്തം ചെലവിലാണ് മത്സരങ്ങളിൽ പങ്കെടുക്കേണ്ടതെന്നത് പരിഗണിച്ച്, സംസ്ഥാന-ദേശീയ മത്സരങ്ങളിൽ വ്യക്തിഗത നേട്ടം കൈവരിച്ച് സ്പെയിനിൽ വച്ച നടക്കുന്ന ലോക മാസ്റ്റേഴ്സ് അത് ലറ്റിക്സിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്ന സംസ്ഥാന ജീവനക്കാർക്ക് അംഗീകാരമെന്ന നിലയിൽ യാത്രാ ചെലവുൾപ്പെടെയുള്ള ചെലവുകൾ സർക്കാർ നല്കുമോ; ഇല്ലെങ്കിൽ അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | | |
| (ഇ) | അപ്രകാരം ലോക മാസ്റ്റേഴ്സ് അത് ലറ്റിക്സ് മീറ്റിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്ന സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അംഗീകാരമെന്ന നിലയിലും പ്രോത്സാഹനമെന്ന നിലയിലും ഇൻക്രിമെന്റ്, സേവനകാലം ദീർഘിപ്പിക്കൽ ഉൾപ്പെടെയുള്ള സർവീസാനുകൂല്യങ്ങൾ നല്കുമോ; ഇല്ലെങ്കിൽ നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ഇ) | നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**